# മണ്ണൂത്തിയിലെ 'മനുവർണ' കോതോളി-മടിവയൽ പാടശേഖരത്തിൽ വിളയും

Mathrubhumi, 13/11/2021

**പിലിക്കോട്** ▸ രണ്ടാംവിള നെൽകൃഷി മുണ്ടകന് വഴിമാറുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ കാസർകോട് സി.പി.സി.ആർ.ഐ. കൃഷിവിജ്ഞാൻ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ പാടത്തേക്കിറങ്ങുന്നു.

പഴയകാലത്ത് പിലിക്കോടിന്റെ നെല്ലറയായിരുന്ന കോതോളി-മടിവയൽ പാടശേഖരത്തിലെ 25 ഏക്കർ സ്ഥലത്ത് 'മനുവർണ' അത്യുത്പാദനശേഷിയുള്ള നെല്ലിനം കൃഷിചെയ്യാനാണ് പദ്ധതി. വിത്ത് സൗജന്യമായി കർഷകർക്ക് കൈമാറി.

വിത്തിടൽ മുതൽ കൊയ്ത്തുവരെ സാങ്കേതികസഹായവുമായി കൃഷിവിജ്ഞാൻ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ കർഷകർക്കൊപ്പമുണ്ടാകും.



▶ പിലിക്കോട് ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.കൃഷ്ണൻ കർഷകർക്ക് വിത്ത് കൈമാറുന്നു

കാർഷിക സർവകലാശാല മണ്ണൂത്തി നെല്ല് ഗവേഷണ കേന്ദ്രത്തിൽനിന്ന് 2019-20-ലാണ് 'മനുവർണ' നെല്ലിനം പുറത്തിറക്കിയത്. ഒരു ഹെക്ടറിൽ 2.8 ടൺ വിളവ് ലഭിക്കുമെന്നതും നീളമുള്ള വൈക്കോൽ ലഭിക്കുമെന്നതും പ്രത്യേകതയാണ്. 128-130 ദിവസം മൂപ്പുള്ള മനുവർണ ജില്ലയിൽ ആദ്യമായെത്തുന്നത് കോതോളി-മടിവയൽ പാടശേഖരത്തിലാണ്. കർഷകരെ സഹായിക്കാൻ പിലിക്കോട് പഞ്ചായത്ത് കൃഷിഭവനും കൂടെയുണ്ടാകും.

പഞ്ചായത്ത് നെൽകൃഷി വികസനപദ്ധതിയിൽ ഹെക്ടർ ഒന്നിന് 17,000 രൂപയും സുസ്ഥിരവികസന പദ്ധതിയിൽ 5,000 രൂപയും ഉത്പാദന ബോണസും കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് ലഭിക്കും. മടിവയലിൽ നടന്ന ചടങ്ങിൽ ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. കൃഷ്ണൻ കർഷകർക്ക് വിത്ത് കൈമാറി.

വാർഡംഗം കെ. നവീൻകുമാർ അധ്യക്ഷനായി. കെ.വി.കെ. കാസർകോട് ഡയറക്ടർ ഡോ. ടി.എസ്.മനോജ്കുമാർ പദ്ധതി വിശദീകരിച്ചു.

ടെക്നിക്കൽ ഓഫീസർ എസ്.കെ. മണികണ്ഠൻ, കൃഷി ഓഫീസർ പി.വി. ജലേശൻ, കൃഷി അസിസ്റ്റന്റ്മാരായ എ.വി. രാധാകൃഷ്ണൻ, കെ.വി. സോന, പാടശേഖരസമിതി ഭാരവാഹികളായ കെ.പി. രാമചന്ദ്രൻ, കെ. രഘുനാഥ് എന്നിവർ സംസാരിച്ചു.